**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3463

08.11.2019-ൽ മറുപടിയ്ക്ക്

# ഫൈൻ ആർട്സ് കോളേജുകളുടെ വികസനം

*ചോദ്യം*

ശ്രീ.വി. ജോയി

ശ്രീ. ആർ. രാജേഷ്

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.പുരുഷൻ കടലുണ്ടി

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ഫൈൻ ആർട്സ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകളും, സീറ്റുകളും വളരെ കുറവായതിനാൽ കലാഭിരുചിയുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അവസരങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത കോളേജുകളുടെ വികസനത്തിനും, കാലിക പ്രസക്തമായ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ പേർക്ക് പഠന സൗകര്യമൊരുക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2019-20 ലെ ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി ഇതുവരെ നൽകിയിട്ടുണ്ട്. കരിക്കുലം പരിഷ്കരണം സംബന്ധിച്ച് വിദഗ്ധരേയും എല്ലാ ഫൈൻ ആർട്സ് കോളേജുകളേയും ഉൾപ്പെടുത്തി കമ്മിറ്റി രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫൈൻ ആർട്സ് കോളേജുകളിലെ ബിരുദ - ബിരുദാനന്തര കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ടി പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | തിരുവനന്തപുരത്ത് വിശാലമായ കോളേജ് കാമ്പസുണ്ടെങ്കിലും അവ വേണ്ടവിധം പരിപാലിക്കാത്തതിനാൽ പരിസര മലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തരനിർദ്ദേശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ Construction waste, ഉപയോഗശൂന്യമായ ഫർണിച്ചർ എന്നിവ ക്വട്ടേഷൻ വിളിച്ച് നീക്കം ചെയ്യുന്നതിനും ഉപയോഗ ശൂന്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇ-വേസ്റ്റ് നീക്കം ചെയ്യുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കാൻ കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കോളേജ് കാമ്പസിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോൺട്രാക്ട് വ്യവസ്ഥയിൽ KEXCON-ൽ നിന്നും രണ്ട് Ex-service ഓഫീസർമാരെ സെക്യൂരിറ്റിയായി നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ കോളേജിന് കെട്ടുറപ്പുള്ള ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ടി കോളേജിൽ പരിസര മലിനീകരണവും പകർച്ച വ്യാധികളും ഉണ്ടാകുന്നതായിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി, കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിൽ താൽക്കാലികമായി |

| | | | |
|---|---|---|---|
| | | | ഡ്രെയിനേജ് സംവിധാനത്തിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. |
| (സി) | മാവേലിക്കര രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ വിദ്യാർത്ഥികളുടെ താമസസൗകര്യങ്ങളുടെയും മറ്റു പശ്ചാത്തല സൗകര്യങ്ങളുടെയും പരിമിതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഈ വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | തൃശ്ശൂരിലെ സാധ്യതകൾക്കനുസരിച്ച് സമഗ്രമായ കോളേജ് വികസന പദ്ധതിയും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടിയുണ്ടാകുമോ? | (ഡി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തൃശ്ശൂരിലെ സാധ്യതകൾക്കനുസരിച്ച് തൃശ്ശൂർ ഫൈൻ ആർട്സ് കോളേജിന്റെ സമഗ്ര വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. ടി കോളേജിൽ ഈ അദ്ധ്യയന വർഷത്തിൽ "ആർട്സ് ഹിസ്റ്ററി & വിഷ്വൽ സ്റ്റഡീസ്" എന്ന പുതിയ കോഴ്സ് ആരംഭിക്കുകയും പ്രവേശനം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ